പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1805 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ കണ്ടക്ടർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ നിയമത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; എത്ര പേരെയാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 467/2010 പ്രകാരമുള്ള ലിസ്റ്റ് നിലവിൽ വന്നത് 9.5.2013 നാണ്. പ്രസ്തുത റാങ്ക് പട്ടികയിൽ 53900 (main & supplementary) ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകി; അതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചു; വ്യക്തമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് കെ.പി.എസ്.സിയുടെ നം. KLRV(2) 2240/10 dtd 05.09.2013 നിയമന ശുപാർശ പ്രകാരം കെ.എസ്.ആർ.ടി.സിയിൽ 9300 പേർക്ക് നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. അതിൽ 5270 പേർ ജോലിയിൽ പ്രവേശിച്ചു. |
| (സി) | ഈ സർക്കാർ നിലവിൽ വന്നശേഷം എത്രപേർക്ക് നിയമന ശുപാർശ നൽകി; എന്നാണ് പ്രസ്തുത ശുപാർശ നൽകിയത്; അതിൽ എത്ര പേർക്ക് 2018 നവംബർ 30 വരെ നിയമനം നൽകി;വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) യും (ഡി) യും | ഈ സർക്കാർ നിലവിൽ വന്നശേഷം കെ.പി.എസ്.സിയിൽ നിന്നും കെ.എസ്.ആർ.ടി.സിക്ക് 4352 പേരുടെ (301+4051) പേരുടെ നിയമന ശുപാർശ ലഭ്യമായിട്ടുണ്ട്. കെ.പി.എസ്.സി - അഡ്വൈസ് നം. KLRV(2) 2240/10 dtd 01.09.16 പ്രകാരം 2018 നവംബർ 30 വരെ 301 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) | ആർക്കും നിയമനം നൽകിയില്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ